# ഭക്ഷണം കഴിച്ചാൽ

അബ്ദുൽ ജബ്ബാർ അബ്ദുല്ല

## الْحمد لله الذى أطْعمنِى هذَا ورزقَنِيه من غَيرِ حولٍ منى ولاَ قُوة

"എന്നിൽനിന്നുള്ള യാതൊരു കഴിവും ചലനശേഷിയും കൂടാതെ ഇത് എന്നെ ഭക്ഷിപ്പിക്കുകയും ഇത് എനിക്ക് പ്രദാനം ചെയ്യുകയും ചെയ്ത അല്ലാഹുവിന് മാത്രമാകുന്നു സർവ്വ സ്തുതികളും."

ഭക്ഷണം കഴിച്ച വ്യക്തി ഇപ്രകാരം ചൊല്ലിയാൽ അവന്റെ കഴിഞ്ഞു പോയ പാപങ്ങൾ പൊറുക്കപ്പെടുമെന്ന് ഇമാം അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

## اللهم أطْعمت وأسقَيت وأغْنيت وأقْنيت وهديت وأحييت فَلَك الْحمد علَى ما أعطَيت

"അല്ലാഹുവേ, നീ ഭക്ഷിപ്പിക്കുകയും കുടിപ്പിക്കുകയും ധന്യമാക്കുകയും സംതൃപ്തിപ്പെടുത്തുകയും സന്മാർഗ്ഗം കാണിക്കുകയും ജീവിപ്പിക്കുകയും ചെയ്തു; നീ ഏകിയതിനാൽ നിനക്ക് മാത്രമാകുന്നു സർവ്വ സ്തുതികളും."

നബിﷺ ഭക്ഷണം കഴിച്ചാൽ ഇപ്രകാരം ചൊല്ലാറുള്ളതായി ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്. അൽബാനിയും ശുഐബ് അൽ അർനാഊത്വും ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.

## الْحمد لله الذى أطْعم وسقَى وسوغَه وجعلَ لَه مخرجا

"ഭക്ഷപ്പിക്കുകയും കുടിപ്പിക്കുകയും ദഹിപ്പിക്കുകയും അതിനെ (വിസർജ്ജിക്കുവാൻ) പുറത്തേക്ക് വഴിയാക്കുകയും ചെയ്ത അല്ലാഹുവിന് മാത്രമാകുന്നു സർവ്വ സ്തുതികളും."

നബിﷺ ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്താൽ ഇപ്രകാരം ചൊല്ലാറുള്ളതായി ഇമാം അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.